# 180/2014-M

Maximum : 100 marks

Time : 1 hour and 15 minutes

1. കേരളത്തെ സംബന്ധിച്ചുള്ള ഏറ്റവും പുരാതനമായ പരാമർശമുള്ള സംസ്കൃത ഗ്രന്ഥം :
   (A) വാഴപ്പള്ളി ശാസനം
   (B) ഐതരേയ ആരണ്യകം
   (C) മറയൂർ ശാസനം
   (D) പഴന്തമിഴ് പാട്ടുകൾ

2. 'ഹോർത്തൂസ് മലബാറിക്കസ്' എന്ന ഗ്രന്ഥം പ്രസിദ്ധപ്പെടുത്തിയത് ഏത് രാജ്യക്കാർ?
   (A) ഫ്രഞ്ചുകാർ
   (B) ഡച്ചുകാർ
   (C) ബ്രിട്ടീഷുകാർ
   (D) പോർച്ചുഗീസുകാർ

3. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജല തടാകം :
   (A) വേമ്പനാട്ട് കായൽ
   (B) ബേക്കൽ തടാകം
   (C) വാമനപുരം പുഴ
   (D) ശാസ്താംകോട്ട കായൽ

4. കേരളത്തിൽ, കാറ്റിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന ആദ്യ പദ്ധതി ആരംഭിച്ചത് കഞ്ചിക്കോട് ആണ്. ഇത് ഏതു ജില്ലയിൽ?
   (A) പാലക്കാട്
   (B) തൃശ്ശൂർ
   (C) കോട്ടയം
   (D) ആലപ്പുഴ

5. കേരളാ സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന്റെ ആസ്ഥാനം എവിടെയാണ്?
   (A) കോട്ടയം
   (B) ചങ്ങനാശ്ശേരി
   (C) അങ്കമാലി
   (D) അടിമാലി

6. സ്വാതന്ത്ര്യ സമരകാലത്ത്, 1929 ലെ ലാഹോർ കോൺഗ്രസ്സ് തീരുമാനം അനുസരിച്ച് ആദ്യ സ്വാതന്ത്ര്യദിനമായി ആചരിക്കപ്പെട്ട ദിവസം :
   (A) 1930 ജനുവരി 26
   (B) 1933 ജനുവരി 26
   (C) 1934 ആഗസ്റ്റ് 15
   (D) 1936 ആഗസ്റ്റ് 15

7. താഴെ പറയുന്നതിൽ ഉത്തരായനരേഖ കടന്നു പോകുന്ന സംസ്ഥാനം ഏത്?
   (A) ജമ്മു-കാശ്മീർ
   (B) ഗുജറാത്ത്
   (C) കേരളം
   (D) തമിഴ്നാട്



PSCNET.in

www.pscnet.in

8. ഗ്രീനിച്ച് മെറിഡിയൻ സമയവും ഇന്ത്യൻ പ്രാദേശിക സമയവും തമ്മിലുള്ള വ്യത്യാസം എത്രയാണ്?
   - (A) നാലര മണിക്കൂർ
   - (B) അഞ്ച് മണിക്കൂർ
   - (C) അഞ്ചര മണിക്കൂർ
   - (D) ആറ് മണിക്കൂർ

9. വിജയനഗര സാമ്രാജ്യത്തിന്റെ അവശിഷ്ടങ്ങൾ സ്ഥിതിചെയ്യുന്ന ഹംപി ഏത് നദിക്കരയിലാണ്?
   - (A) കാവേരി
   - (B) തുംഗഭദ്ര
   - (C) യമുന
   - (D) കൃഷ്ണ

10. മയൂർഭഞ്ജ് ഖനി ഇന്ത്യയിൽ ഏത് സംസ്ഥാനത്താണ് സ്ഥിതിചെയ്യുന്നത്?
   - (A) ഒഡീഷ
   - (B) മധ്യപ്രദേശ്
   - (C) ആസ്സാം
   - (D) കർണ്ണാടക

11. ഇന്ത്യ അന്റാർട്ടിക്കയിൽ സ്ഥാപിച്ചിട്ടുള്ള ദക്ഷിണഗംഗോത്രിയിലെ പോസ്റ്റോഫീസ് ഏത് പോസ്റ്റൽ ഡിവിഷന്റെ കീഴിലാണ്?
   - (A) മഹാരാഷ്ട്ര
   - (B) മധ്യപ്രദേശ്
   - (C) ഛത്തീസ്ഗഢ്
   - (D) ഗോവ

12. റേഡിയോ സിറ്റി എന്നത് ഇന്ത്യയിലെ ആദ്യത്തെ എഫ്.എം. റേഡിയോ സ്റ്റേഷനാണ്. ഇത് എവിടെയാണ് ആരംഭിച്ചത്?
   - (A) ചെന്നൈ
   - (B) ഡൽഹി
   - (C) ബംഗളൂരു
   - (D) തിരുവനന്തപുരം

13. ജോളിഗ്രാന്റ് വിമാനത്താവളം സ്ഥിതിചെയ്യുന്ന സ്ഥലം :
   - (A) ഡെറാഡൂൺ
   - (B) പാറ്റ്ന
   - (C) ഗോവ
   - (D) റാഞ്ചി

14. ഭാരത സർക്കാരും, ദേശീയ എയ്ഡ്സ് നിയന്ത്രണസമിതിയും ചേർന്ന് റെയിൽവേയുടെ സഹകരണത്തോടെ നടത്തുന്ന, സഞ്ചരിക്കുന്ന എയ്ഡ്സ് ബോധവൽക്കരണ യൂണിറ്റ് അറിയപ്പെടുന്നത് :
   - (A) ബ്ലൂ റിബൺ എക്സ്പ്രസ്സ്
   - (B) വൈറ്റ് റിബൺ എക്സ്പ്രസ്സ്
   - (C) ഗ്രീൻ റിബൺ എക്സ്പ്രസ്സ്
   - (D) റെഡ് റിബൺ എക്സ്പ്രസ്സ്

15. ഏത് നൃത്തരൂപത്തെയാണ് 'ചലിക്കുന്ന ശില്പം' എന്ന് വിശേഷിപ്പിക്കുന്നത്?
   - (A) കഥകളി
   - (B) യക്ഷഗാനം
   - (C) ഒഡീസി
   - (D) ഭരതനാട്യം

PSCNET.in



fb.com/pscnet.in

www.pscnet.in

16. ലണ്ടനിൽ മൂന്നാം വട്ടമേശ സമ്മേളനം നടക്കുന്ന കാലഘട്ടത്തിൽ, ഇന്ത്യയിൽ ഹിന്ദു-മുസ്ലീം ഐക്യത്തിന് ശ്രമിച്ച വ്യക്തി താഴെ പറയുന്നവരിൽ ആര്?

(A) ലാലാ ലജ്പത് റായ്
(B) ഭഗത്സിംഗ്
(C) മൗലാനാ ആസാദ്
(D) റാണി ലക്ഷ്മിഭായ്

17. ഇന്ത്യൻ നാഷണൽ കോൺഗ്രസ്സിന്റെ അദ്ധ്യക്ഷസ്ഥാനം രാജി വച്ച് സുഭാഷ് ചന്ദ്രബോസ് ഫോർവേഡ് ബ്ലോക്ക് എന്ന സംഘടന രൂപീകരിച്ച വർഷം :

(A) 1933
(B) 1935
(C) 1937
(D) 1939

18. 1942 ആഗസ്റ്റ് 8 ന് ഇന്ത്യൻ നാഷണൽ കോൺഗ്രസ്സ് മുന്നോട്ട് വയ്ക്കുകയും അതേ വർഷം ജൂലായ് 14 ന് വർക്കിംഗ് കമ്മിറ്റി പാസ്സാക്കുകയും ചെയ്ത പ്രമേയം :

(A) നിസ്സഹകരണം
(B) ക്വിറ്റ് ഇന്ത്യ
(C) അഹിംസ
(D) വിദേശ വസ്ത്ര ബഹിഷ്കരണം

19. താഴെ പറയുന്നവരിൽ ക്യാബിനറ്റ് മിഷനിൽ അംഗമല്ലാതിരുന്ന വ്യക്തി ആര്?

(A) സർ സ്റ്റാഫോർഡ് ക്രിപ്സ്
(B) ലോർഡ് പെത്വിക് ലോറൻസ്
(C) ലോർഡ് മൗണ്ട് ബാറ്റൺ
(D) മിസ്റ്റർ. എ.വി. അലക്സാണ്ടർ

20. താഴെ പറയുന്നവരിൽ 'രാജാജി' എന്നറിയപ്പെടുന്ന സ്വാതന്ത്ര്യസമര സേനാനി ആര്?

(A) സി. രാജഗോപാലാചാരി
(B) രാജാറാം മോഹൻ റോയ്
(C) രാജാ കേശവദാസ്
(D) ധർമ്മരാജ

21. ഏത് പദ്ധതി അനുസരിച്ചാണ് ഇന്ത്യയെ, ഇന്ത്യയെന്നും പാക്കിസ്ഥാനെന്നും രണ്ടു വ്യത്യസ്ഥ രാജ്യങ്ങളായി വിഭജിക്കുന്നതിന് തീരുമാനിച്ചത്?

(A) മൗണ്ട് ബാറ്റൺ
(B) ക്യാബിനറ്റ് മിഷൻ
(C) ഗാന്ധി-ഇർവ്വിൻ ഉടമ്പടി
(D) ഗവണ്മെന്റ് ഓഫ് ഇന്ത്യാ ആക്ട്

22. 1948 ൽ ഗവർണ്ണർ ജനറലായി സത്യപ്രതിജ്ഞ ചെയ്ത ആദ്യ ഭാരതീയൻ :

(A) ലാൽ ബഹദൂർ ശാസ്ത്രി
(B) സി. രാജഗോപാലാചാരി
(C) ബി.ആർ. അംബേദ്കർ
(D) ജവഹർലാൽ നെഹ്റു

23. 'ഇന്ത്യ ഇന്ത്യക്കാർക്ക്' എന്ന മുദ്രാവാക്യം ആദ്യമായി പ്രഖ്യാപിച്ചത് ആര്?

(A) രാജാറാം മോഹൻ റോയ്
(B) സ്വാമി വിവേകാനന്ദൻ
(C) അരബിന്ദഘോഷ്
(D) സ്വാമി ദയാനന്ദ സരസ്വതി



fb.com/pscnet.in

24. ജനങ്ങളുടെ സംഘടിത ശക്തിക്കു മുന്നിൽ മുട്ടുകുത്തിക്കൊണ്ട് ബ്രിട്ടീഷുകാർ ബംഗാൾ വിഭജനം പിൻവലിച്ച വർഷം :

(A) 1908 (B) 1909
(C) 1911 (D) 1912

25. ഇന്ത്യൻ യൂണിയനിൽ ലയിച്ച നാട്ടുരാജ്യങ്ങളിലെ ഭരണാധികാരികൾക്ക് നൽകി വന്ന പ്രിവിപഴ്സ് എന്ന പെൻഷൻ നിർത്തലാക്കാൻ പാർലമെന്റിൽ ബില്ല് അവതരിപ്പിച്ച പ്രധാനമന്ത്രി :

(A) ജവഹർലാൽ നെഹ്റു (B) ഇന്ദിരാഗാന്ധി
(C) മൊറാർജി ദേശായി (D) വി.പി. സിംഗ്

26. 'ഗരീബി ഹഠാവോ' എന്ന മുദ്രാവാക്യം ഏത് പദ്ധതിക്കാലത്ത് ഉണ്ടായതാണ്?

(A) അഞ്ചാം പദ്ധതി (B) ആറാം പദ്ധതി
(C) ഏഴാം പദ്ധതി (D) എട്ടാം പദ്ധതി

27. 1969 ൽ ഇന്ത്യാ ഗവണ്മെന്റ് ദേശസാൽക്കരിച്ച ബാങ്കുകളുടെ എണ്ണം എത്ര?

(A) 12 (B) 13
(C) 14 (D) 15

28. നാഷണൽ സ്റ്റോക്ക് എക്സ്ചേഞ്ചിന്റെ ആസ്ഥാനം സ്ഥിതിചെയ്യുന്നതെവിടെ?

(A) ഡൽഹി (B) മുംബൈ
(C) കൊൽക്കത്ത (D) ചെന്നൈ

29. താഴെ പറയുന്നവരിൽ, ഇന്ത്യൻ ഭരണഘടനയുടെ കരടു രൂപം തയ്യാറാക്കുന്ന കമ്മറ്റിയിൽ അംഗമായിരുന്ന വ്യക്തി ആര്?

(A) ജവഹർലാൽ നെഹ്റു (B) സർദാർ വല്ലഭായ് പട്ടേൽ
(C) എൻ. മാധവറാവു (D) ആനിബസന്റ്

30. എത്രാമത്തെ ഭരണഘടനാ ഭേദഗതി പ്രകാരമാണ് ഒൻപതാം ഷെഡ്യൂൾ ഇന്ത്യൻ ഭരണഘടനയിൽ കൂട്ടിച്ചേർത്തത്?

(A) ഒന്നാമത്തെ (B) രണ്ടാമത്തെ
(C) മൂന്നാമത്തെ (D) നാലാമത്തെ

31. ഒരു ഇലക്ട്രോണിക് മാദ്ധ്യമത്തിലൂടെ തെറ്റായതോ, യഥാർത്ഥമല്ലാത്തതോ മറ്റും ആയ സന്ദേശം പ്രചരിപ്പിച്ചാൽ, ഇൻഫർമേഷൻ ടെക്നോളജി ആക്ടിന്റെ ഏത് വകുപ്പനുസരിച്ചാണ് ശിക്ഷ നൽകുന്നത്?

(A) 66 (A) (B) 76 (A)
(C) 86 (A) (D) 96 (A)



fb.com/pscnet.in

32. ഇന്ത്യയിൽ ഏറ്റവും അധികം ഉപയോഗിക്കപ്പെടുന്ന യാത്രാ വെബ്സൈറ്റ് ആരുടേതാണ്?
   (A) എയർ ഇന്ത്യ
   (B) ഇന്ത്യൻ എയർലൈൻസ്
   (C) കിംഗ് ഫിഷർ
   (D) ഇന്ത്യൻ റയിൽവെ

33. 'രാജീവ് ഗാന്ധി സ്കീം ഫോർ അഡോളസെന്റ് ഗേൾസ്' എന്ന പേരിൽ കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ശാക്തീകരണത്തിന് കേന്ദ്ര ഗവൺമെന്റ് 2010 ൽ ആരംഭിച്ച പദ്ധതി :
   (A) സബല
   (B) ഉജ്ജ്വല
   (C) സ്വാധാർ
   (D) പൂർണ്ണ ശക്തി കേന്ദ്ര

34. ഡിസംബർ 10 ഏത് ദിനമായാണ് ആചരിക്കുന്നത്?
   (A) എയ്ഡ്സ് ദിനം
   (B) മനുഷ്യാവകാശ ദിനം
   (C) മിതവ്യയ ദിനം
   (D) പാർപ്പിട ദിനം

35. ലോകത്തിലെ ഏറ്റവും വലിയ മനുഷ്യാവകാശ സംഘടനയാണ് :
   (A) റെഡ്ക്രോസ്
   (B) ഗ്രീൻപീസ്
   (C) ആംനസ്റ്റി ഇന്റർനാഷണൽ
   (D) ഏഷ്യാവാച്ച്

36. മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രം 2013 ൽ 'മനുലക്ഷ്മി' എന്ന പേരിൽ പുറത്തിറക്കിയ പുതിയ വിളയേത്?
   (A) തക്കാളി
   (B) കുരുമുളക്
   (C) പടവലം
   (D) ഇഞ്ചി

37. കേരള സർക്കാർ, ജോലിക്ക് പങ്കാളിത്ത പെൻഷൻ നടപ്പാക്കിയ ദിനം :
   (A) 2012 ജനുവരി 1
   (B) 2013 ഏപ്രിൽ 1
   (C) 2014 മാർച്ച് 1
   (D) 2014 ഏപ്രിൽ 1

38. കേരള സാഹിത്യ അക്കാദമി അവാർഡു നേടിയ യാത്രാവിവരണ ഗ്രന്ഥമായ ബാൾട്ടിക് ഡയറിയുടെ രചയിതാവ് :
   (A) സതീഷ് ബാബു പയ്യന്നൂർ
   (B) ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ
   (C) എസ്. രമേശൻ നായർ
   (D) സന്തോഷ് ജോർജ് കുളങ്ങര

39. കൃത്രിമ ശരീരഭാഗങ്ങളുപയോഗിച്ച് 2013 ൽ നിർമ്മിച്ച ലോകത്തിലെ ആദ്യ റോബോട്ട് :
   (A) കീ റോബോ
   (B) പിഷ്ഗം
   (C) ടിയാനെ-2
   (D) യന്തിരൻ

40. 2018 ൽ ലോകകപ്പ് ഫുട്ബോളിന് വേദിയാകുന്ന രാജ്യം :
   (A) ഫ്രാൻസ്
   (B) ബ്രസീൽ
   (C) റഷ്യ
   (D) ചൈന



PSCNET.in

41. ഇന്ത്യയിലെ റിമോട്ട് സെൻസിംഗിന്റെ പിതാവായി കരുതുന്നത് ഇവരിൽ ആരെയാണ്?

(A) അന്നാമണി
(B) പി.ആർ. പിഷാരടി
(C) വർഗ്ഗീസ് കുര്യൻ
(D) വിക്രം സാരാഭായി

42. കോശങ്ങളെക്കുറിച്ചുള്ള പഠനശാഖ ഏത് പേരിൽ അറിയപ്പെടുന്നു?

(A) സൈറ്റോളജി
(B) ലിംനോളജി
(C) ഓർനിത്തോളജി
(D) പാത്തോളജി

43. പച്ചനിറത്തിലുള്ള ഒരു ഇല, ചുവന്ന പ്രകാശത്തിൽ കാണുമ്പോൾ അതിന്റെ നിറം എന്തായിരിക്കും?

(A) ചുവപ്പ്
(B) പച്ച
(C) കറുപ്പ്
(D) നീല

44. ഇന്ത്യയുടെ പ്രഥമ ബഹിരാകാശ സഞ്ചാരി ആരാണ്?

(A) കൽപ്പന ചൗള
(B) സുനിത വില്യംസ്
(C) ഭാസ്കരാചാര്യ
(D) രാകേഷ് ശർമ്മ

45. അന്തർവാഹിനിയിൽ ഇരുന്നുകൊണ്ട് ജലോപരിതലത്തിലുള്ള വസ്തുക്കളെ നിരീക്ഷിക്കുവാൻ ഉപയോഗിക്കുന്ന ഉപകരണം :

(A) എപ്പിഡോസ്കോപ്പ്
(B) ടെലിസ്കോപ്പ്
(C) സ്റ്റീരിയോസ്കോപ്പ്
(D) പെരിസ്കോപ്പ്

46. ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ചെടുത്ത ആദ്യത്തെ ഭൂതല-ഭൂതല മിസൈൽ :

(A) തൃശൂൽ
(B) ആകാശ്
(C) പൃഥ്വി
(D) അഗ്നി

47. ലോക പരിസ്ഥിതി ദിനമായി ആചരിക്കുന്ന ദിവസം :

(A) മെയ് 6
(B) ജൂൺ 5
(C) ജുലായ് 5
(D) ആഗസ്റ്റ് 6

48. ആധുനിക പരിസ്ഥിതി പ്രസ്ഥാനത്തിന്റെ മാതാവായി അറിയപ്പെടുന്ന പരിസ്ഥിതി പ്രവർത്തക ആരാണ്?

(A) മേനകാഗാന്ധി
(B) അരുണാ ആസിഫലി
(C) സുഗതകുമാരി
(D) റേച്ചൽ കാർസൺ

49. അന്തരീക്ഷത്തിൽ കാർബൺ ഡൈ ഓക്സൈഡിന്റെ അളവ് സന്തുലിതമായി നിലനിർത്തുന്ന പ്രതിഭാസത്തെ വിളിക്കുന്ന പേര് :

(A) ഓസോൺ ശോഷണം
(B) കാർബൺ ശോഷണം
(C) ഓക്സിജൻ ചക്രം
(D) കാർബൺ ചക്രം

50. അത്യുൽപ്പാദനശേഷിയുള്ള വിത്തിനങ്ങൾ, രാസവളം, കീടനാശിനി, ജലസേചനം തുടങ്ങിയവയിലൂടെ കാർഷികോൽപ്പാദനം വർദ്ധിപ്പിച്ചതിനെ വിളിക്കുന്ന പേര് :

(A) ധവള വിപ്ലവം
(B) കാർഷിക വിപ്ലവം
(C) ഉൽപ്പാദന വിപ്ലവം
(D) ഹരിത വിപ്ലവം



PSCNET.in

www.pscnet.in

51. നാലു വരി പാതയിൽ ഒരു മോട്ടോർ കാറിന് കേരളത്തിൽ നിലവിൽ അനുവദനീയമായ പരമാവധി വേഗത എത്ര?

(A) 70 കി.മീ./മണിക്കൂർ (B) 90 കി.മീ./മണിക്കൂർ

(C) 60 കി.മീ./മണിക്കൂർ (D) 80 കി.മീ./മണിക്കൂർ

52. നിലവിൽ ഒരു ഇന്ത്യൻ ഡ്രൈവിങ്ങ് ലൈസൻസിന് ലഭിക്കാവുന്ന പരമാവധി കാലയളവ് എത്ര?

(A) 5 വർഷം (B) 40 വർഷം

(C) 20 വർഷം (D) 3 വർഷം

53. ട്രാൻസ്പോർട്ട് വാഹനങ്ങൾ ഓടിക്കുവാൻ അധികാരപ്പെടുത്തിയ ഡ്രൈവിങ്ങ് ലൈസൻസിനു ലഭിക്കാവുന്ന പരമാവധി കാലയളവ് എത്ര?

(A) 2 വർഷം (B) 6 മാസം

(C) 5 വർഷം (D) 3 വർഷം

54. വൃത്താകൃതിയിലുള്ള ട്രാഫിക് സൈനുകളുടെ പ്രത്യേകത എന്ത്?

(A) അപകട മുന്നറിയിപ്പ് നൽകുന്നവ (B) വിവരങ്ങൾ നൽകുന്നവ

(C) നിർബന്ധമായും പാലിക്കേണ്ടവ (D) ട്രാഫിക് സൈൻ അല്ല

55. ബൈറ്റിങ്ങ് പോയിന്റ് ഏത് വാഹന ഭാഗവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) ക്ലച്ച് (B) ബ്രേക്ക്

(C) ആക്സിലറേറ്റർ (D) ഗിയർ

56. ഹോൺ നിരോധിച്ചിരിക്കുന്നത് എവിടെ?

(A) റെയിൽവേ സ്റ്റേഷൻ പരിസരം (B) സിനിമാ തീയ്യേറ്റർ പരിസരം

(C) സ്കൂൾ പരിസരം (D) ആശുപത്രി പരിസരം

57. ഇടതു കൈ കൊണ്ട് കാണിക്കേണ്ട ഹാൻഡ് സിഗ്നൽ ഏത്?

(A) ഇടത്തോട്ട് തിരിയൽ (B) ഒരു സിഗ്നലും ഇല്ല

(C) വലത്തോട്ട് തിരിയൽ (D) സ്ലോ ഡൗൺ

58. താഴെ പറയുന്നവയിൽ നിയമ ലംഘനം ഏത്?

(A) ഓവർടേക്കിംഗ് (B) യു ടേൺ

(C) ഓവർടേക്കിംഗ് തടസ്സപ്പെടുത്തൽ (D) പാർക്കിംഗ്

59. വാഹനങ്ങളുടെ പുക പരിശോധന സർട്ടിഫിക്കറ്റിന്റെ കാലാവധി എത്ര?

(A) 6 മാസം (B) 3 മാസം

(C) 1 വർഷം (D) 2 വർഷം



fb.com/pscnet.in

www.pscnet.in

60. റോഡിന്റെ മദ്ധ്യത്തിൽ നെടുകെയുള്ള തുടർച്ചയായ മഞ്ഞ വരയുണ്ടെങ്കിൽ :

(A) യഥേഷ്ടം മഞ്ഞവര മുറിച്ചു കടക്കാം

(B) ഹോൺ അടിക്കരുത്

(C) മുന്നിൽ പാലമാണ്

(D) മറ്റൊരു വാഹനത്തെ മറികടക്കുമ്പോൾ മഞ്ഞവര മുറിച്ചു കടക്കാൻ പാടില്ല

61. നിർബന്ധമായും പാലിക്കേണ്ട (മാൻഡേറ്ററി) സിഗ്നൽ പാലിക്കാതിരുന്നാൽ :

(A) അപകടം ഉണ്ടാകും

(B) വഴി തെറ്റും

(C) ശിക്ഷാർഹമാണ്

(D) ഇതൊന്നുമല്ല

62. 'എ.ബി.എസ്' (A.B.S.) ന്റെ പൂർണ്ണരൂപം :

(A) ആന്റിലോക്ക് ബ്രേക്ക് സിസ്റ്റം

(B) ഓട്ടോമാറ്റിക് ബ്രേക്ക് സിസ്റ്റം

(C) ഓട്ടോമാറ്റിക് ബാലൻസ് സിസ്റ്റം

(D) ആക്സിലറേറ്റർ ബ്രേക്ക് സിസ്റ്റം

63. മറ്റൊരു വാഹനത്തെ ഇടതുവശത്തു കൂടി മറി കടക്കാവുന്നത് എപ്പോൾ?

(A) മുന്നിലെ വാഹനം വലത്തേക്ക് തിരിയാൻ സിഗ്നൽ നല്കി റോഡിന്റെ മദ്ധ്യഭാഗത്തെത്തി നിൽക്കുമ്പോൾ

(B) മുന്നിലെ വാഹനം വഴി നൽകിയില്ലെങ്കിൽ

(C) ഹോൺ അടിച്ചതിനുശേഷം

(D) ഒരു സന്ദർഭത്തിലും പാടില്ല

64. സ്വയം ലൂബ്രിക്കേഷൻ ഉള്ള ഇന്ധനം ഏത്?

(A) പെട്രോൾ

(B) ഡീസൽ

(C) എൽ.പി.ജി.

(D) സി.എൻ.ജി.

65. സ്പാർക്ക് പ്ലഗ് ഉപയോഗിക്കുന്നത് ഏത് തരം എഞ്ചിനുകളിലാണ്?

(A) ഡീസൽ

(B) പെട്രോൾ

(C) കംപ്രഷൻ ഇഗ്നീഷൻ

(D) ഇതൊന്നുമല്ല

66. ഹീറ്റർ പ്ലഗ് ഉപയോഗിക്കുന്നത് ഏത് തരം എഞ്ചിനുകളിലാണ്?

(A) പെട്രോൾ

(B) എൽ.പി.ജി.

(C) സി.എൻ.ജി.

(D) ഡീസൽ



fb.com/pscnet.in

67. റേഡിയേറ്ററിൽ ഉപയോഗിക്കുന്ന കൂളന്റിന്റെ ഒരു ഉപയോഗം :

(A) തിളനില ഉയർത്താൻ (B) തിളനില താഴ്ത്താൻ

(C) വാഹനത്തിന്റെ വേഗത കൂട്ടാൻ (D) ഇതൊന്നുമല്ല

68. ക്രൗൺ വീൽ ഏത് വാഹനഭാഗവുമായി ബന്ധപ്പെട്ടിരിക്കുന്നു?

(A) എഞ്ചിൻ (B) ക്ലച്ച്

(C) ഡിഫ്രൻഷ്യൽ (D) റോഡ് വീൽ

69. 1000 സി.സി. എന്നത് എത്ര ലിറ്ററാണ്?

(A) 1 ലിറ്റർ (B) 100 ലിറ്റർ

(C) 10 ലിറ്റർ (D) 1000 ലിറ്റർ

70. ഒരു 'മാരുതി 800' വാഹനത്തിന്റെ എഞ്ചിൻ സിലിണ്ടറുകളുടെ എണ്ണം :

(A) 4 (B) 5

(C) 8 (D) 3

71. എം.പി.എഫ്.ഐ. (M.P.F.I) യുടെ പൂർണ്ണരൂപം :

(A) മൾട്ടി പോർട്ട് ഫ്യൂവൽ ഇൻജക്ഷൻ

(B) മഫ്ലർ പോർട്ട് ഫ്യൂവൽ ഇൻജക്ഷൻ

(C) മൈലേജ് പോർട്ടബിൾ ഫ്യൂവൽ ഇൻജക്ഷൻ

(D) ഇതൊന്നുമല്ല

72. ഒരു പുതിയ ട്രാൻസ്പോർട്ട് വാഹനത്തിന്റെ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ കാലാവധി :

(A) 1 വർഷം (B) 2 വർഷം

(C) 6 മാസം (D) 15 വർഷം

73. ഡ്രൈവിങ് ലൈസൻസ് പുതുക്കുവാനുള്ള അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ട രേഖ :

(A) സ്വഭാവ സർട്ടിഫിക്കറ്റ് (B) പ്രഥമ ശുശ്രൂഷാ സർട്ടിഫിക്കറ്റ്

(C) മെഡിക്കൽ സർട്ടിഫിക്കറ്റ് (D) ഇതൊന്നുമല്ല

74. ഒരു പുതിയ നോൺ ട്രാൻസ്പോർട്ട് വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ കാലാവധി :

(A) 3 വർഷം (B) 15 വർഷം

(C) 4 വർഷം (D) 10 വർഷം



fb.com/pscnet.in

www.pscnet.in

75. ഒരു സിഗ്നൽ ജംഗ്ഷനിൽ ചുവന്ന ലൈറ്റിനു മുൻപ് വരുന്ന ആമ്പർ ലൈറ്റ് തെളിഞ്ഞു കിടന്നാൽ എന്ത് ചെയ്യണം?

(A) കടന്നു പോകാം
(B) വേഗത കൂട്ടണം
(C) സ്റ്റോപ്പ് ലൈനിനു മുൻപ് സുരക്ഷിതമായി നിർത്താനായാൽ നിർത്തണം
(D) നിർത്താൻ തയ്യാറെടുക്കണം

76. എന്താണ് ബ്ലൈൻഡ് സ്പോട്ട്?

(A) റോഡിൽ വെളിച്ചമില്ലാത്ത സ്ഥലം
(B) വാഹനത്തിന്റെ കണ്ണാടിയിൽ കാണാൻ പറ്റാത്ത സ്ഥലം
(C) അപകട സാധ്യതയുള്ള സ്ഥലം
(D) വാഹനത്തിന്റെ കണ്ണാടിയിലും മുന്നോട്ടുള്ള കാഴ്ചയിലും കാണാൻ പറ്റാത്ത സ്ഥലം

77. വാഹന അപകടം നടന്നാൽ അടുത്തുള്ള പോലീസ് സ്റ്റേഷനിൽ റിപ്പോർട്ട് ചെയ്യേണ്ട സമയ പരിധി :

(A) 1 മണിക്കൂർ
(B) 24 മണിക്കൂർ
(C) 48 മണിക്കൂർ
(D) 12 മണിക്കൂർ

78. 165/80 R14 എന്ന ടയർ സൈസിൽ 165 എന്നത് എന്തിനെ കുറിക്കുന്നു?

(A) ടയറിന്റെ പരിച്ഛേദത്തിന്റെ പരമാവധി വീതി
(B) വീലിന്റെ വ്യാസം
(C) ടയറിന്റെ ഉയരം
(D) ടയറിന്റെ ഭാരം

79. ഒരു കയറ്റത്തിൽ മുൻഗണന നൽകേണ്ടത് :

(A) കയറ്റം കയറി വരുന്ന വാഹനങ്ങൾക്ക്
(B) എതിരെ വരുന്ന വാഹനങ്ങൾക്ക്
(C) ചെറിയ വാഹനങ്ങൾക്ക്
(D) കയറ്റം ഇറങ്ങി വരുന്ന വാഹനങ്ങൾക്ക്

80. സ്ലിപ് ജോയിന്റ് ________ ന്റെ ഭാഗമാണ്.

(A) ക്ലച്ച്
(B) സ്റ്റിയറിംഗ് സിസ്റ്റം
(C) ബ്രേക്ക് സിസ്റ്റം
(D) പ്രൊപ്പല്ലർ ഷാഫ്റ്റ്

81. വാഹനം ഓടിക്കുമ്പോൾ ഉറക്കം തോന്നിയാൽ :

(A) ചായ കുടിച്ച് യാത്ര തുടരണം
(B) റോഡരുകിൽ പാർക്ക് ചെയ്ത് അല്പ സമയം ഉറങ്ങിയതിനുശേഷം യാത്ര തുടരണം
(C) മുഖം കഴുകി യാത്ര തുടരണം
(D) പാട്ടു കേട്ട് യാത്ര തുടരണം



fb.com/pscnet.in

www.pscnet.in

82. ബ്രേക്ക് സിസ്റ്റം വാഹനത്തിന്റെ ഗതികോർജ്ജത്തെ ______ ഊർജ്ജം ആക്കി മാറ്റുന്നു.
(A) താപോർജ്ജം (B) ശബ്ദോർജ്ജം
(C) പ്രകാശോർജ്ജം (D) യാന്ത്രികോർജ്ജം

83. ______ കിലോഗ്രാം വരെ ഗ്രോസ് വെഹിക്കിൾ വെയിറ്റ് ഉള്ള വാഹനങ്ങളെയാണ് ലൈറ്റ് മോട്ടോർ വാഹനങ്ങൾ എന്ന് തരം തിരിച്ചിരിക്കുന്നത്.
(A) 3000 (B) 5000
(C) 10000 (D) 7500

84. വാഹനത്തിന്റെ സസ്പെൻഷൻ സിസ്റ്റത്തിന്റെ ഒരു ഭാഗമാണ് :
(A) ഷോക്ക് അബ്സോർബർ (B) ക്രൗൺ വീൽ
(C) റിലീസ് ബിയറിംഗ് (D) സ്ലിപ് ജോയിന്റ്

85. വാഹനങ്ങളുടെ വശങ്ങളിലുള്ള കണ്ണാടികൾ (റിയർ വ്യൂ മിറർ) ______ മിറർ ആണ്.
(A) കോൺകേവ് (B) പ്ലെയിൻ
(C) കോൺവെക്സ് (D) ഇതൊന്നുമല്ല

86. വാഹനത്തിന്റെ '4' ഇൻഡിക്കേറ്റർ ലൈറ്റുകളും ഒരുമിച്ച് തെളിയുന്ന ഹസാർഡ് വാണിങ് ലൈറ്റ് എന്തിന് ഉപയോഗിക്കുന്നു?
(A) മറ്റു വാഹനങ്ങൾക്ക് വഴി കൊടുക്കാൻ (B) നേരെ പോകാൻ
(C) പിന്നിലേക്കെടുക്കാൻ (D) ഇതൊന്നുമല്ല

87. ഓഡോമീറ്ററിന്റെ ഉപയോഗം :
(A) ഓട്ടോറിക്ഷയുടെ വാടക അറിയാൻ (B) വാഹനത്തിന്റെ വേഗത അറിയാൻ
(C) വാഹനം സഞ്ചരിച്ച ദൂരം അറിയാൻ (D) എഞ്ചിന്റെ താപനില അറിയാൻ

88. എന്താണ് ടെയിൽ ഗേറ്റിംഗ്?
(A) വാഹനം ഗേറ്റിൽ കൂടെ പുറത്തെടുക്കുന്നത്
(B) ഇടതുവശത്തുകൂടി ഓവർടേക്ക് ചെയ്യുന്നത്
(C) മറ്റൊരു വാഹനത്തിന്റെ പിന്നിൽ വേണ്ടത്ര അകലം പാലിക്കാതെ വാഹനം ഓടിക്കുന്നത്
(D) ഇതൊന്നുമല്ല

89. കേരളത്തിലെ എം.സി. (മിഡിൽ സെൻട്രൽ) റോഡ് ഏതു തരം റോഡ് ആണ്?
(A) നാഷണൽ ഹൈവേ (B) സ്റ്റേറ്റ് ഹൈവേ
(C) മേജർ ഡിസ്ട്രിക്റ്റ് റോഡ് (D) വില്ലേജ് റോഡ്

90. 1988 ലെ മോട്ടോർ വാഹന നിയമത്തിലെ ഏത് വകുപ്പാണ് അമിത വേഗവുമായി ബന്ധപ്പെട്ടിരിക്കുന്നത്?
(A) 113 (B) 121
(C) 186 (D) 112



fb.com/pscnet.in

www.pscnet.in

91. മദ്യപിച്ച് വാഹനം ഓടിക്കുന്നതുമായി ബന്ധപ്പെട്ട 1988 ലെ മോട്ടോർ വാഹന നിയമത്തിലെ വകുപ്പ് ഏത്?
   (A) 134
   (B) 194
   (C) 185
   (D) 207

92. ഡബിൾ ഡീ ക്ലച്ചിങ്ങ് ഉപയോഗിക്കുന്നത് ———— ഗിയർ ബോക്സ് ഉള്ള വാഹനങ്ങളിലാണ്.
   (A) സിംക്രോ മെഷ്
   (B) കോൺസ്റ്റന്റ് മെഷ്
   (C) ഓട്ടോമാറ്റിക്
   (D) ഇതൊന്നുമല്ല

93. അമിത വേഗത്തിൽ വളവെടുക്കുന്ന വാഹനം വളവിന് പുറത്തേക്ക് തെറിച്ചു പോകുന്നത് ———— ബലം മൂലമാണ്.
   (A) അഭികേന്ദ്രബലം (സെന്‍ട്രിപെറ്റൽ ഫോഴ്സ്)
   (B) ഗുരുത്വാകർഷണ ബലം (ഗ്രാവിറ്റേഷണൽ ഫോഴ്സ്)
   (C) അപകേന്ദ്രബലം (സെന്‍ട്രിഫ്യൂഗൽ ഫോഴ്സ്)
   (D) ഘർഷണ ബലം (ഫ്രിക്ഷണൽ ഫോഴ്സ്)

94. ഡിസ്ക് ബ്രേക്കിന്റെ ഒരു ഭാഗമാണ് :
   (A) ബ്രേക്ക് ഷൂ
   (B) ബ്രേക്ക് ഡ്രം
   (C) എസ്.കാം.
   (D) ബ്രേക്ക് പാഡ്

95. ലെഡ് ആസിഡ് ബാറ്ററിയിൽ ഉപയോഗിക്കുന്ന ആസിഡ് :
   (A) ഹൈഡ്രോക്ലോറിക് ആസിഡ്
   (B) സൾഫ്യൂരിക് ആസിഡ്
   (C) അസറ്റിക് ആസിഡ്
   (D) ഫോസ്ഫോറിക് ആസിഡ്

96. ലെഡ് ആസിഡ് ബാറ്ററിയിലെ ആസിഡിന്റെ ആപേക്ഷിക സാന്ദ്രത അഥവാ സ്പെസിഫിക് ഗ്രാവിറ്റി അളക്കുവാനുപയോഗിക്കുന്ന ഉപകരണം :
   (A) ഹൈഡ്രോമീറ്റർ
   (B) അസിഡിക് മീറ്റർ
   (C) ആൾട്ടിമീറ്റർ
   (D) നാനോമീറ്റർ

97. ഒരു 12 വോൾട്ട് ലെഡ് ആസിഡ് ബാറ്ററിയിൽ എത്ര സെല്ലുകൾ ഉണ്ടായിരിക്കും?
   (A) 5
   (B) 12
   (C) 10
   (D) 6

98. 2013 ൽ കേരളത്തിൽ വാഹന അപകടം മൂലം ദിനംപ്രതി മരണമടഞ്ഞവരുടെ ശരാശരി എണ്ണം :
   (A) 5 നും 10 നും ഇടയിൽ
   (B) 10 നും 15 നും ഇടയിൽ
   (C) 15 നും 20 നും ഇടയിൽ
   (D) 5 ൽ താഴെ

99. എമർജൻസി ബ്രേക്കിങ്ങ് ആവശ്യമായി വരുമ്പോൾ ക്ലച്ച് പെഡൽ അമർത്തേണ്ട രീതി :
   (A) ബ്രേക്ക് പെഡൽ അമർത്തുന്നതിനുമുമ്പ്
   (B) ബ്രേക്ക് പെഡൽ അമർത്തുന്നതിനൊപ്പം
   (C) വേഗത കുറ്റിയതിനുശേഷം
   (D) ബ്രേക്ക് പെഡൽ അമർത്തിയതിനുശേഷം

100. താഴെ പറയുന്നവയിൽ ടോർക്ക് കൂടുതലുള്ള ഗിയർ :
   (A) നാലാമത്തെ ഗിയർ
   (B) ഒന്നാമത്തെ ഗിയർ
   (C) രണ്ടാമത്തെ ഗിയർ
   (D) മൂന്നാമത്തെ ഗിയർ



fb.com/pscnet.in